# PSC Instrument Mechanic - Kerala Collegiate Education - Music Colleges Dept Examination Previous Year Question Paper

***Exam Name:*** ***Instrument Mechanic - Kerala Collegiate Education - Music Colleges Dept***

***Date of Test : 16.01.2015***

***Question Paper Code: 011/2015***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

## 11/2015 - M

1. വയലിൻ -ന്റെ ഉൽപ്പത്തി ഏത് രാജ്യത്തിൽ നിന്ന് ?
   (A) സ്പെയിൻ (B) ഇറ്റലി (C) ഫ്രാൻസ് (D) ജർമ്മനി

2. വയലിൻ വിഭാഗത്തിൽ പെടുന്ന വാദ്യം ?
   (A) ഡബിൾ ബാസ് (B) ഗിറ്റാർ
   (C) സൈലോഫോൺ (D) വീണ

3. വയലിൻ നിർമ്മിച്ചത് എത്രാം നൂറ്റാണ്ടിലാണെന്നാണ് കരുതപ്പെടുന്നത് ?
   (A) 18 (B) 13 (C) 16 (D) 19

4. വയലിനിൽ എത്ര തന്ത്രികൾ ഉണ്ട് ?
   (A) 7 (B) 6 (C) 4 (D) 3

5. താഴെ പറയുന്നവയിൽ വയലിൻ വിദ്വാൻ അല്ലാത്തത് ആര് ?
   (A) ലാൽഗുഡി ജയരാമൻ (B) ഉമയാൾപുരം ശിവരാമൻ
   (C) എം.എസ്. ഗോപാലകൃഷ്ണൻ (D) ടി.എൻ. കൃഷ്ണൻ

6. വയലിൻ ഏത് വിഭാഗത്തിൽ പെടുന്ന വാദ്യമാണ് ?
   (A) തന്ത്രവാദ്യം (B) സുഷിര വാദ്യം
   (C) ചർമ്മ വാദ്യം (D) ഘന വാദ്യം

7. ഒരു വയലിൻ വിദ്യാർത്ഥി ആദ്യമായി കർണ്ണാടക സംഗീതം അഭ്യസിക്കുന്നത് ഏത് രാഗത്തിലാണ് ?
   (A) നാട്ട (B) ഖരഹരപ്രിയ
   (C) മായാമാളവഗൗള (D) ശുദ്ധസാവേരി

8. വയലിൻ ഘടന ഏത് രൂപത്തിലാണ് ?
   (A) സിംഹം (B) തംബുരു (C) മനുഷ്യൻ (D) വീണ



Join PSC WhatsApp Broadcast List : 90747 20773

9. വയലിൻ "റിബ്സ് " -ന്റെ ഘനം :
   (A) 14 - 16 മി.മീ. (B) 15 - 18 മി.മീ. (C) 13 - 16 മി.മീ. (D) 12 - 14 മി.മീ.

10. താഴെ പറയുന്നവരിൽ സ്വാതിതിരുനാളിന്റെ സദസ്സിൽ ഉണ്ടായിരുന്ന വയലിൻ വിദ്വാൻ ആര് ?
   (A) വടിവേലു (B) ഗോവിന്ദമാരാർ (C) തമ്പി അപ്പ് (D) വേലുസ്വാമി

11. വാദ്യങ്ങളുടെ രാജാവ് ?
   (A) വീണ (B) വയലിൻ (C) മൃദംഗം (D) തബല

12. വയലിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന തടി ?
   (A) പ്ലാവ് (B) മേപ്പിൾ (C) തെങ്ങ് (D) മഹാഗണി

13. ഗസലിന്റെ ഉൽഭവം :
   (A) പേർഷ്യ (B) മലേഷ്യ (C) ഇൻഡോനേഷ്യ (D) ഇറ്റലി

14. ലോക സംഗീത ദിനം :
   (A) ഒക്ടോബർ 1 (B) ഡിസംബർ 1 (C) ജനുവരി 1 (D) നവംബർ 1

15. സിംഫണികളുടെ പിതാവ് :
   (A) ഹെയ്ഡൻ (B) ഇളയരാജ
   (C) യഹൂദി മനോഹിൻ (D) വില്യം റിച്ചാർഡ്

16. മദ്ദളത്തിന് പ്രഥമ സ്ഥാനം നൽകി 33 ചർമ്മ വാദ്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള കാർത്തിക തിരുനാൾ രാമവർമ്മ രാജാവ് രചിച്ച നാട്യശാസ്ത്ര ഗ്രന്ഥം ഏത് ?
   (A) ബാലരാമ ഭരതം (B) വിക്രമോർവ്വശീയം
   (C) അഭിനയദർപ്പണം (D) നാട്യലീല

17. താഴെ പറയുന്ന അവനദ്ധ വാദ്യങ്ങളിൽ "ആലിംഗ്യം" എന്ന വിഭാഗത്തിൽപെട്ട വാദ്യം ഏതാണ് ?
   (A) മൃദംഗം (B) ചെണ്ട (C) മിഴാവ് (D) തബല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

18. ചെണ്ടക്കുറ്റി ഉണ്ടാക്കുവാൻ ഏറ്റവും ഉത്തമമായികരുതുന്നത് താഴെപ്പറയുന്നതിൽ ഏതുമരത്തിന്റെ കാതലാണ് ?

(A) മാവ് (B) വരിക്കപ്ലാവ് (C) പുവരശ്ശ് (D) പേരമരം

19. മേളത്തിൽ വാദകന്മാർ മുൻനിരയിൽ നിന്ന് ജതികൾ കൊട്ടുന്നത് ഏതുതരം ചെണ്ടയിലാണ് ?

(A) വീക്കൻ ചെണ്ട (B) ഉരുട്ടു ചെണ്ട (C) വട്ടച്ചെണ്ട (D) കുറും ചെണ്ട

20. ചെണ്ടക്കോൽ നിർമ്മാണത്തിന് ഉപയോഗിക്കാത്തത് താഴെ പറയുന്നതിൽ ഏതു മരമാണ് ?

(A) ചപ്പണ്ട (B) പുളി (C) മുള (D) തെങ്ങ്

21. ചെണ്ടയുടെ നാദശുദ്ധിക്ക് ചെണ്ടക്കുറ്റിയുടെ അളവുകൾ കൃത്യമായി ഇരിക്കേണ്ടതാണ്. ഏത് സംജ്ഞകൊണ്ടാണ് ഈ അളവ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് ?

(A) മരം (B) കുടം (C) ചെവി (D) ഉയരം

22. ചെണ്ട നിർമ്മാണത്തിൽ ചെണ്ടക്കുറ്റിയുടെ ഘനം രണ്ടു തലക്കലും എത്ര വിരൽ വീതമാണ് വേണ്ടത് ?

(A) $\frac{1}{2}$ വിരൽ (B) $\frac{1}{4}$ വിരൽ (C) $\frac{3}{4}$ വിരൽ (D) 1 വിരൽ

23. ചെണ്ടക്കുറ്റിയുടെ നീളത്തിന് കാലുയരം എന്ന് പറയാറുണ്ട്. എന്നാൽ ഉൾവ്യാസത്തിന് എന്താണ് പറയുക ?

(A) മദ്ധ്യ ഉയരം (B) വീച്ചിൽ (C) സമത (D) കുമിൾ

24. ചെണ്ടയിലെ കയറുകളുടെ ഇഴ അടുപ്പിക്കുവാൻ തോലുകൊണ്ടുണ്ടാക്കിയ കുടുക്കുകൾ ഉപയോഗിക്കുന്നു. ഇതിന്റെ പേരെന്ത് ?

(A) വക്ക (B) വളയങ്ങൾ (C) കുത്തുവാർ (D) ചെണ്ടവട്ടം

25. മദ്ദളനിർമ്മാണത്തിന് സർവ്വശ്രേഷ്ഠം എന്ന് കരുതുന്ന വൃക്ഷം ഏത് ?

(A) കരിങ്ങാലി (B) മാവ് (C) വേപ്പ് (D) അമ്പഴം



Join PSC WhatsApp Broadcast List : 90747 20773

26. മദ്ദളക്കുറ്റിയുടെ വിസ്താരം കുറഞ്ഞ ഭാഗത്തിന് പറയുന്ന പേരെന്ത് ?
(A) ഇടത്തല (B) വലത്തല (C) കുറുംതല (D) ഇടവട്ടം

27. മദ്ദളവാദനത്തിന് വാദകർ കൈവിരലിൽ ഉപയോഗിക്കുന്ന സാധനത്തിന്റെ പേരെന്ത് ?
(A) പറ്റ് (B) കട്ടി (C) ചുറ്റ് (D) മാവ്

28. മദ്ദളത്തിന്റെ വലന്തലയിൽ ചോറും കരിയും ചേർത്ത് കുഴച്ച് വെറ്റിലകൊണ്ട് പശിമ ചേർത്ത് പുരട്ടുന്നതിന് പറയുന്ന പേര് എന്ത് ?
(A) കരിയിടുക (B) ചോറിടുക (C) പശയിടുക (D) വെറ്റിലയിടുക

29. താഴെ പറയുന്നതിൽ മദ്ദളത്തിന്റെ പ്രധാനഭാഗം അല്ലാത്തത് ഏത് ?
(A) കുറ്റി (B) ഇടന്തലവട്ടം (C) വാറ് (D) വളയം

30. മൃദംഗത്തിന്റെ വലന്തലയിൽ എത്ര അട്ടി തോൽ ഉണ്ട് ?
(A) മൂന്ന് (B) രണ്ട് (C) നാല് (D) അഞ്ച്

31. മൃദംഗത്തിന്റെ വലന്തലയിൽ എത്ര 'കണ്ണികൾ' ഉണ്ട് ?
(A) 16 (B) 12 (C) 10 (D) 11

32. മൃദംഗത്തിന്റെ 'തൊപ്പിത്തോൽ' ഏതുതരം തോലുകൊണ്ട് നിർമ്മിച്ചിരിക്കുന്നു ?
(A) ആട്ടിൻതോൽ (B) എരുമത്തോൽ (C) കാളത്തോൽ (D) മാൻതോൽ

33. മൃദംഗത്തിന്റെ 'മീട്ടുതോൽ' നിർമ്മിക്കുന്നത് ഏതുതരം തോലുകൊണ്ടാണ് ?
(A) എരുമത്തോൽ (B) കാളത്തോൽ
(C) പശുവിൻതോൽ (D) ഉടുമ്പിൻതോൽ

34. കുറഞ്ഞ ശ്രുതിക്കുള്ള മൃദംഗത്തിന്റെ പേര് എന്താണ് ?
(A) തക്കുകട്ട (B) പൊച്ചുകട്ട (C) ചോറ്റുകട്ട (D) തിമിരക്കട്ട

35. മൃദംഗത്തിന്റെ രണ്ടു തലകളേയും യോജിപ്പിക്കുന്ന 'വാർ' ഏതുതരം തോലുകൊണ്ട് നിർമ്മിച്ചിരിക്കുന്നു ?
(A) എരുമത്തോൽ (B) കാളത്തോൽ
(C) ആട്ടിൻതോൽ (D) പോത്തിൻതോൽ



Join PSC WhatsApp Broadcast List : 90747 20773

36. വീണയിലെ മെട്ടുകളുടെ എണ്ണം ?
(A) 20 (B) 25 (C) 22 (D) 24

37. ഒരു പ്രശസ്ത വൈണിക വിദ്വാന്റെ പേര് ?
(A) ചൗഡയ്യ (B) ബാലമുരളീകൃഷ്ണ
(C) കെ.എസ്.നാരായണ സ്വാമി (D) സക്കീർ ഹുസൈൻ

38. ഇപ്പോഴത്തെ വീണ രൂപകല്പന ചെയ്ത വ്യക്തി ?
(A) വീണ സുബ്ബണ്ണ (B) രാജേഷ് വൈദ്യ
(C) രഘുനാഥനായിക്ക് (D) ബാലചന്ദർ

39. വീണയുടെ ദണ്ഡിനോട് ചേർന്ന് ഏത് ജീവിയുടെ രൂപമാണ് ഘടിപ്പിച്ചിരിക്കുന്നത് ?
(A) സിംഹം (B) കുതിര (C) പശു (D) യ്യാളി

40. വീണയിലെ താളം, ശ്രുതി കമ്പികളുടെ എണ്ണം ?
(A) അഞ്ച് (B) രണ്ട് (C) നാല് (D) ഏഴ്

41. വീണ ഉണ്ടാക്കുന്നത് ഏത് തടി ഉപയോഗിച്ചാണ് ?
(A) മാവ് (B) പ്ലാവ് (C) തേക്ക് (D) അരളി

42. വീണയുടെ ചെറുകുടം എന്തുകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത് ?
(A) മണ്ണ് (B) തടി (C) പ്ലാസ്റ്റിക്ക് (D) ചുരക്ക

43. വീണയിൽ പ്രധാന ബ്രിഡ്ജിനോട് ചേർന്നുള്ള സൈഡ് ബ്രിഡ്ജ് ഏത് വസ്തു കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത് ?
(A) വെള്ളി (B) സ്വർണ്ണം (C) പിച്ചള (D) സ്റ്റീൽ

44. വീണയുടെ മൂന്നാമത്തെ കമ്പിയുടെ പേര് ?
(A) സാരണി (B) അനുമന്ദ്രപഞ്ചമം
(C) മന്ദ്രം (D) മന്ദ്ര ഷഡ്ജം



Join PSC WhatsApp Broadcast List : 90747 20773

45. വീണയ്ക്ക് എത്ര കുടങ്ങൾ ?
(A) നാല് (B) അഞ്ച് (C) രണ്ട് (D) ഒന്ന്

46. താള കമ്പിയിൽ രണ്ടാമത്തെ കമ്പിയുടെ പേര് ?
(A) മന്ദ്രം (B) താളപഞ്ചമം (C) താളസാരണ (D) മധ്യ പഞ്ചമം

47. വീണയിൽ കൈവെച്ചു വായിക്കുന്ന ഭാഗത്തിന്റെ പേര് ?
(A) സാരണി (B) മെട്ടുകൾ (C) കമ്പികൾ (D) ഫിംഗർ ബോർഡ്

48. വീണയിൽ വായിക്കുവാൻ ഉപയോഗിക്കുന്ന കമ്പികൾ എത്ര എണ്ണം ?
(A) 3 (B) 2 (C) 6 (D) 4

49. വീണയുടെ പരന്ന മുകൾ തട്ടിന് മുകളിൽ കാണുന്ന പ്രധാന ബ്രിഡ്ജ് എന്തുകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത് ?
(A) സ്റ്റീൽ (B) തകിട് (C) പിച്ചള (D) മരം

50. വീണയുടെ കമ്പികൾ ഘടിപ്പിച്ചിരിക്കുന്ന ആദ്യ ഭാഗത്തിന്റെ പേര് ?
(A) സാരണകമ്പി (B) യ്യാളി (C) ലങ്കർകമ്പി (D) സൈഡ് ബ്രിഡ്ജ്

51. കേരള നവോത്ഥാനത്തിന്റെ രാജശില്പി :
(A) സഹോദരൻ അയ്യപ്പൻ (B) ശ്രീ. വൈകുണ്ഠ സ്വാമികൾ
(C) ശ്രീ. നാരായണഗുരു (D) ശ്രീ. ചട്ടമ്പിസ്വാമികൾ

52. കേരള കത്തോലിക്കാസഭയിൽ വിശേഷിച്ച് കത്തോലിക്ക സുറിയാനി സഭയിൽ ദൂരവ്യാപകമായ പരിഷ്ക്കാരങ്ങൾക്കു നേതൃത്വം നൽകിയ അനുഗ്രഹീത പുരോഹിത ശ്രേഷ്ഠൻ ?
(A) ചാവറ അച്ചൻ (B) ഗ്രിഗറി ഒന്നാമൻ
(C) വിശുദ്ധ ഫ്രാൻസിസ് (D) തോമസ് അക്യുനാസ്

53. "I met a remarkable man" എന്ന് വിവേകാനന്ദ സ്വാമി വിശേഷിപ്പിച്ച ആ മഹത്വ്യക്തി ആര്?
(A) കെ. കേളപ്പൻ (B) ശ്രീ. ചട്ടമ്പിസ്വാമികൾ
(C) കുമാരനാശാൻ (D) അയ്യൻകാളി



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

54. നമ്മുടെ ശരീരത്തിലെ തപാലാപ്പീസ് ?
(A) ഹൈപ്പോതലാമസ് (B) തലാമസ്
(C) സെറിബ്രം (D) സെറിബെല്ലം

55. NOTA നടപ്പിലാക്കുന്ന എത്രാമത്തെ രാജ്യമാണ് ഇന്ത്യ ?
(A) 4 (B) 11 (C) 8 (D) 14

56. ജാക്ക് ഡോർസി തുടങ്ങിയ പ്രസ്ഥാനം ?
(A) ട്വിറ്റർ (B) ഓർക്കൂട്ട് (C) ഫോറം (D) ഐസ്ബക്കറ്റ്

57. ജ്ഞാനപീഠ പുരസ്കാരത്തിന്റെ സ്ഥാപകൻ ?
(A) രാജാറാം മോഹൻ റോയ് (B) ടാഗോർ
(C) ശാന്തി പ്രസാദ് ജയിൻ (D) ബങ്കിം ചന്ദ്ര ചാറ്റർജി

58. കേരളത്തിലെ ആദ്യത്തെ ടെമ്പിൾ പോലീസ് സ്റ്റേഷൻ നിലവിൽവന്നത് ?
(A) പത്മനാഭസ്വാമിക്ഷേത്രം (B) ഗുരുവായൂർ
(C) ശബരിമല (D) വടക്കും നാഥക്ഷേത്രം

59. അർജ്ജുന അവാർഡ് നടപ്പിലാക്കിയ വർഷം ?
(A) 1955 (B) 1958 (C) 1964 (D) 1961

60. നാട് നിശ്ചലമായിപ്പോയി എന്നൊക്കെ ആലങ്കാരികമായി പറയാറില്ലേ, അക്ഷരാർത്ഥത്തിൽ 1998 മാർച്ച് 19, 20, ദിവസങ്ങളിൽ കേരളത്തിൽ സംഭവിച്ചത് അതായിരുന്നു. ആരുടെ മരണമാണ് കേരളത്തെ ആ ദിവസങ്ങളിൽ നിശ്ചലമാക്കിയത് ?
(A) ഇ.കെ. നായനാർ (B) ഇ.എം. എസ്സ്
(C) സി. അച്ചുതമേനോൻ (D) ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ്

61. സ്വാതന്ത്ര്യ പോരാട്ടത്തിന്റെ നാവായി പിറന്നു വീണ പത്രമേത് ?
(A) ദീപിക (B) മംഗളം (C) മാതൃഭൂമി (D) മലയാള മനോരമ

62. 1804-ൽ പഴശ്ശി രാജാവിനെ കീഴടക്കാൻ വടക്കേ മലബാറിൽ ചാർജെടുത്ത സബ്കളക്ടർ ?
(A) ടി.എച്ച്. ബേബർ (B) കേണൽ വെല്ലസ്ലി
(C) ഡിലനോയ് (D) വില്ല്യം ബെൻഡിക്ക്



Join PSC WhatsApp Broadcast List : 90747 20773

63. ഇൻഡ്യയിൽ എവിടെയാണ് ആദ്യമായി ഫാഷൻ മൽസരം നടന്നത് ?
(A) ഡൽഹി (B) ബാംഗ്ലൂർ (C) ഹൈദരാബാദ് (D) മുംബൈ

64. "വയലാർ സ്റ്റാലിൻ" എന്നറിയപ്പെടുന്ന സാമൂഹിക പരിഷ്കർത്താവ് :
(A) ടി.കെ. മാധവൻ (B) കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്
(C) സി.കെ. കുമാരപ്പണിക്കർ (D) എ.കെ. ഗോപാലൻ

65. തിരു-കൊച്ചി നിലവിൽ വന്നത് ?
(A) 1949 (B) 1951 (C) 1946 (D) 1953

66. സൂര്യനിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്രതിഭാസം ?
(A) പ്രകീർണനം (B) വിസരണം (C) ഫിഷൻ (D) ഫ്യൂഷൻ

67. കൊച്ചിയുടെ പ്രധാനമന്ത്രിപദം അലങ്കരിച്ച അവസാനത്തെ സ്വാതന്ത്ര്യ സമരനേതാവാണ് ?
(A) പനമ്പിള്ളി ഗോവിന്ദമേനോൻ (B) ഇക്കണ്ടവാര്യർ
(C) ഷൺമുഖം ചെട്ടി (D) വി.ആർ. കൃഷ്ണനെഴുത്തച്ഛൻ

68. പഴയ ബോംബെ സംസ്ഥാനത്തിൽ നിന്നും പിറവിയെടുത്ത സംസ്ഥാനങ്ങൾ ?
(A) മധ്യപ്രദേശ്-രാജസ്ഥാൻ (B) ഗോവ-മഹാരാഷ്ട്ര
(C) ഗുജറാത്ത് - മഹാരാഷ്ട്ര (D) ഗുജറാത്ത്-രാജസ്ഥാൻ

69. എത്ര രൂപയുടെ ഇന്ത്യൻ കറൻസിയിലാണ് ട്രാക്ടർ ചിത്രീകരിച്ചിരിക്കുന്നത് ?
(A) പത്ത് രൂപയുടെ (B) ഇരുപത് രൂപയുടെ
(C) അൻപത് രൂപയുടെ (D) അഞ്ച് രൂപയുടെ

70. ക്രിക്കറ്റിൽ ഒരു ഓവറിൽ പന്തുകൾ എത്ര ?
(A) 6 (B) 8 (C) 12 (D) 4

71. നെല്ലിന്റെ തവിടിൽ ധാരാളമായി അടങ്ങിയിരിക്കുന്ന വൈറ്റമിൻ ?
(A) വൈറ്റമിൻ A (B) വൈറ്റമിൻ D (C) വൈറ്റമിൻ B (D) വൈറ്റമിൻ E



Join PSC WhatsApp Broadcast List : 90747 20773

72. തണ്ണീർമുക്കം ബണ്ട് സ്ഥിതി ചെയ്യുന്ന കായൽ ഏത് ?

(A) അഞ്ച്തെങ്ങ് (B) കുമ്പളം (C) വേമ്പനാട് (D) അഷ്ടമുടി

73. കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിൽ എത്ര പരിസ്ഥിതി ലോല വില്ലേജുകൾ ഉണ്ട് ?

(A) 223 (B) 123 (C) 165 (D) 218

74. രണ്ട് ദേശീയഗാനമുള്ള രാജ്യമേത് ?

(A) ജപ്പാൻ (B) ഗ്രീസ് (C) ആസ്ട്രിയ (D) ന്യൂസിലാൻഡ്

75. "അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് " എന്ന സാമൂഹിക നാടകം രചിച്ചത് :

(A) വി.ടി. ഭട്ടതിരിപ്പാട് (B) കെ. കേളപ്പൻ

(C) ഇടശ്ശേരി ഗോവിന്ദൻപിള്ള (D) അയ്യൻകാളി

76. 2014 ലോകകപ്പ് ഫുട് ബോളിലെ ഗോൾഡൻ ബൂട്ട് നേടിയ താരം ?

(A) ജയിംസ് റോഡ്രിഗ്സ് (B) ആര്യൻ റോബൻ

(C) തോമസ് മുള്ളർ (D) ലയണൽ മെസ്സി

77. ഇൻഡ്യയിലെ ആദ്യ മറൈൻ നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ?

(A) കർണ്ണാടക (B) പശ്ചിമബംഗാൾ

(C) ഒറീസ്സ (D) ഗുജറാത്ത്

78. സംഗീതോപകരണമായ ഗിറ്റാറിന്റെ പിറവി ഏത് രാജ്യത്താണ് ?

(A) സ്പെയിൻ (B) ജർമ്മനി (C) ഇന്ത്യ (D) ഇറ്റലി

79. കേരള നിയമസഭയെ അഭിസംബോധന ചെയ്ത് സംസാരിച്ച ആദ്യ രാഷ്ട്രപതിയാണ് ?

(A) വി.വി. ഗിരി (B) കെ.ആർ. നാരായണൻ

(C) വെങ്കിട്ടരാമൻ (D) പ്രണാബ് കുമാർ മുഖർജി



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

80. ഇൻഡ്യൻ വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളെയുംപറ്റി പഠിച്ച വിദ്യാഭ്യാസ കമ്മീഷൻ ഏത്?
(A) മുതലിയാർ കമ്മീഷൻ
(B) രാധാകൃഷ്ണൻ കമ്മീഷൻ
(C) കോത്താരി കമ്മീഷൻ
(D) പുത്തൻ വിദ്യാഭ്യാസനയം

81. അമേരിക്കൻ ഐക്യനാടുകൾക്ക് സ്റ്റാച്ച്യു ഓഫ് ലിബർട്ടി സമ്മാനിച്ച രാജ്യം ?
(A) റഷ്യ (B) ഫ്രാൻസ് (C) ബ്രിട്ടൻ (D) ജർമ്മനി

82. മുസ്ലിം സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ പടപൊരുതി വിദ്യാഭ്യാസത്തിനും നവീകരണത്തിനും വേണ്ടി ശ്രമിച്ച സാമൂഹ്യ പരിഷ്ക്കർത്താവ് ?
(A) ഉമർഖാസി
(B) സൈനുദ്ദീൻ മഖ്ദൂം
(C) ഖുത്തുബ് മുഹമ്മദ്
(D) വൈക്കം അബ്ദുൾ ഖാദർ മൗലവി

83. ഹിജ്റ വർഷം ആരംഭിച്ച വർഷം ?
(A) എ.ഡി. 633 (B) എ.ഡി. 622 (C) എ.ഡി. 825 (D) എ.ഡി. 571

84. ഭൂമധ്യരേഖ കടന്നുപോകുന്ന ഏഷ്യയിലെ ഏക രാജ്യം ?
(A) ഇൻഡോനേഷ്യ (B) ഇന്ത്യ (C) മലേഷ്യ (D) ശ്രീലങ്ക

85. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ സന്നദ്ധസേനാ ക്യാപ്റ്റൻ ?
(A) കെ. കേളപ്പൻ
(B) ടി.കെ. മാധവൻ
(C) എ.കെ.ജി.
(D) മന്നത്ത് പത്മനാഭൻ

86. ഇന്റർനെറ്റ് സുരക്ഷാദിനമായി ആചരിക്കുന്നത് ?
(A) ഫെബ്രുവരി-6 (B) ഡിസംബർ-2 (C) ജൂൺ-17 (D) ഒക്ടോബർ-11

87. നാഷണൽ അസ്സസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) ന്റെ ആസ്ഥാനം?
(A) മുംബൈ (B) ഡൽഹി (C) കൊൽക്കൊത്ത (D) ബാംഗ്ലൂർ

88. ഭാരതത്തിന് ആദ്യമായി ഒരു ദേശീയപതാക രൂപകൽപ്പന ചെയ്ത വനിത ?
(A) ആനിബസന്റ്
(B) മാഡം കാമ
(C) സരോജിനി നായിഡു
(D) വിജയലക്ഷ്മി പണ്ഡിറ്റ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

89. യൂറോപ്പിലെ പർവ്വതങ്ങളിൽ ഉൾപ്പെടാത്തത് :

(A) യുറാൾ (B) ആൽപ്സ് (C) റുവൻസോരി (D) പിരണീസ്

90. "ഈശ്വരൻ തെറ്റ് ചെയ്താലും ഞാനത് റിപ്പോർട്ട് ചെയ്യും" എന്നു പറഞ്ഞ വിഖ്യാത പത്ര പ്രവർത്തകൻ :

(A) കെ.പി. കേശവ മേനോൻ (B) കേസരിബാലകൃഷ്ണപിള്ള

(C) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (D) വർഗ്ഗീസ് മാപ്പിള

91. "ഗാന്ധി" എന്ന ചലച്ചിത്രത്തിൽ ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് ഉത്തരവ് നൽകിയ ജനറൽ ഡയറിന്റെ വേഷം അഭിനയിച്ചത് ആര് ?

(A) എഡ്വേർഡ് ഫോക്സ് (B) റെക്സ് ഹാരിസൺ

(C) ജോൺ സാക്സൺ (D) സിൽവിയ മിലസ്

92. ഉപരിതലം മുതൽ 15-18 കി.മീ. മുകളിലോട്ട് വ്യാപിച്ചിരിക്കുന്ന മേഘവും പൊടിപടലങ്ങളും നിറഞ്ഞ അന്തരീക്ഷപാളി ?

(A) തെർമോസ്ഫിയർ (B) മിസോസ്ഫിയർ (C) സ്ട്രാറ്റോസ്ഫിയർ (D) ട്രോപ്പോസ്ഫിയർ

93. ഭരണഘടനയുടെ ജീവൻ ഏതാണ് ?

(A) ജനങ്ങൾ (B) ആമുഖം (C) പരമാധികാരം (D) രാഷ്ട്രത്തലവൻ

94. 49-ാം പാരലൽ ഏതെല്ലാം രാജ്യങ്ങളെ തമ്മിൽ വിഭജിക്കുന്നു ?

(A) ഉത്തര-ദക്ഷിണ കൊറിയ (B) ഇന്ത്യാ-ചൈന

(C) ഇന്ത്യാ-പാകിസ്ഥാൻ (D) അമേരിക്ക-കാനഡ

95. ഇന്ത്യയുടെ ഏറ്റവും തെക്കെ അറ്റത്തുള്ള തുറമുഖം ?

(A) പാരദ്വീപ് (B) കൊച്ചി (C) തൂത്തുക്കുടി (D) ചെന്നൈ



Join PSC WhatsApp Broadcast List : 90747 20773

96. ഏത് മഹാസമുദ്രത്തിലാണ് ക്യൂബ സ്ഥിതി ചെയ്യുന്നത് ?

(A) അറ്റ്ലാന്റിക് സമുദ്രം (B) ആർട്ടിക് സമുദ്രം

(C) ഇൻഡ്യൻ മഹാസമുദ്രം (D) പസഫിക് സമുദ്രം

97. ഏത് മുഗൾരാജാവിന്റെ കാലത്താണ് മാർബിൾ ആദ്യമായി ഉപയോഗിച്ചത് ?

(A) ഷാജഹാൻ (B) ജഹാംഗീർ (C) അക്ബർ (D) ഔറംഗസീബ്

98. 'തഥാഗതൻ' എന്നറിയപ്പെടുന്നത് ?

(A) മഹാവീരൻ (B) കനിഷ്ക്കൻ (C) അശോകൻ (D) ശ്രീ ബുദ്ധൻ

99. അക്യുപങ്ചർ ചികിൽസാരീതി ഏത് രാജ്യത്തിലാണ് രൂപപ്പെട്ടത് ?

(A) ചൈന (B) ഇന്ത്യ (C) ശ്രീലങ്ക (D) ഭൂട്ടാൻ

100. ഭൂട്ടാനും നേപ്പാളിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ സംസ്ഥാനം ഏത് ?

(A) ജമ്മു കാശ്മീർ (B) സിക്കിം

(C) ഹിമാചൽ പ്രദേശ് (D) അസ്സാം

-o0o-



Join PSC WhatsApp Broadcast List : 90747 20773